# കേരള സർവകലാശാല

നം.പി.ആർ.261/2018 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2018 ഓഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.പി.എ വയലിൻ, വീണ പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം ഡിസംബർ 10 മുതൽ 14 വരെയും, ഡിസംബർ 11 മുതൽ 13 വരെയും ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

2018 ഡിസംബർ 20 ന് ആരംഭിക്കുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഏഴാം സെമസ്റ്റർ (2013 സ്കീം-റഗുലർ, 2016 അഡ്മിഷൻ) പരീക്ഷകൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 29 ന് ആരംഭിച്ചു. പിഴ കൂടാതെ ഡിസംബർ 12 വരെയും 50 രൂപ പിഴയോടെ ഡിസംബർ 14 വരെയും 125 രൂപ പിഴയോടെ ഡിസംബർ 17 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജനുവരി 9 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ 12 വരെയും 50 രൂപ പിഴയോടെ ഡിസംബർ 14 വരെയും 125 രൂപ പിഴയോടെ ഡിസംബർ 17 വരെയും അപേക്ഷിക്കാം.

### ടൈംടേബിൾ

2018 ഡിസംബർ 17 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റഗുലർ & സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2018 സെപ്റ്റംബറിൽ നടന്ന നാലാം സെമസ്റ്റർ എം.കോം (റഗുലർ, സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 15 വരെ അപേക്ഷിക്കാം.

2018 ജൂണിൽ നടന്ന എട്ടാം സെമസ്റ്റർ ബി.എഫ്.എ (എച്ച്.ഐ) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഡിസംബർ 15 വരെ അപേക്ഷിക്കാം.

2018 മേയിൽ നടന്ന ആറാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷാഫലം വെബ്സൈറ്റിൽ. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഡിസംബർ 19 വരെ ഓൺലൈനായി മാത്രം അപേക്ഷിക്കുക. കരട് മാർക്ക്ലിസ്റ്റ് വെബ്സൈറ്റിൽ.

## സമ്പർക്ക ക്ലാസ്സ്

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ സമ്പർക്ക ക്ലാസ്സ് ഡിസംബർ 2 ന് (ഞായറാഴ്ച) കൊല്ലം യു.ഐ.ടി.യിൽ നടത്തുന്നതാണ്.

## വിവാഹ പൂർവ്വ കൗൺസിലിംഗ് കോഴ്സ്

സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ അറബി വകുപ്പ് 25 വയസ്സ് പൂർത്തിയായ യുവതീ യുവാക്കൾക്ക് സൗജന്യ വിവാഹപൂർവ്വ കൗൺസിലിംഗ് കോഴ്സ് സംഘടിപ്പിക്കുന്നു. ഡിസംബർ 9, 14, 15, 16 തീയതികളിൽ കാര്യവട്ടം ക്യാമ്പസിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. സൗജന്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വകുപ്പിന്റെ സർട്ടിഫിക്കറ്റ് നൽകും. സംസ്ഥാനത്തെ വിദഗ്ധ പരിശീലകർ കോഴ്സിന് നേതൃത്വം നൽകും. രജിസ്ട്രേഷന് 9544576794 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം.
30.11.2018

പബ്ലിക് റിലേഷൻസ് ഓഫീസർ